ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ-ജയിലാസ്ഥാനകാര്യാലയം-ജനറൽ സെക്ഷൻ - പഠന ആവശ്യങ്ങൾക്കായുള്ള ജയിൽ സന്ദർശനം നിരോധിച്ച് ഉത്തരവാകുന്നു

പരാമർശം : അനിയന്ത്രിതമായി വർദ്ധിച്ചു വരുന്ന കോവിഡ് വ്യാപനം

**ഉത്തരവ് നമ്പർ. G2-1711/2022/PrHQ; തീയതി : 29-01-2022**

പഠന ആവശ്യങ്ങൾക്കുള്ള വിവരശേഖരണം നടത്തുന്നതിനായി വിദ്യാർത്ഥികൾക്ക് അവരുടെ സ്ഥാപന മേധാവികളുടെ അപേക്ഷയിന്മേൽ ജയിലുകൾ സന്ദർശിച്ച് വിവരശേഖരണം നടത്തുന്നതിനുള്ള അനുമതി നൽകി വന്നിരുന്നു.

അനിയന്ത്രിതമായി വർദ്ധിച്ചു വരുന്ന കോവിഡ് വ്യാപനം കണക്കിലെടുത്ത് ഇനി ഒരു ഉത്തരവുണ്ടാകുന്നത് വരെ പഠന ആവശ്യങ്ങൾക്കുള്ള വിവരശേഖരണം നടത്തുന്നതിനായുള്ള ജയിൽ സന്ദർശനം നിരോധിച്ച് ഉത്തരവാകുന്നു.

കോവിഡ് വ്യാപനം നിയന്ത്രണ വിധേയമായതിനു ശേഷം വിദ്യാർത്ഥികൾക്ക് അവരുടെ സ്ഥാപന മേധാവികൾ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.

എസ് സന്തോഷ്
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ് : എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

G2-1711/2022/PrHQ

c8b540